"ഭരണഭാഷ-മാതൃഭാഷ"

No.DWCD/723/2024-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 26-09-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടി സർവിസസ് -ദേശീയ വിര വിമുക്ത ദിനം ആചരിക്കുന്നത് -നിർദേശങ്ങൾ - സംബന്ധിച്ച്:-

സൂചന:- 2024 സെപ്റ്റംബർ 11 തീയതിയിൽ ഗവ . സെക്രട്ടറിയേറ്റ് ,നവകൈരളി ഹാളിൽ വെച്ച് നടന്ന ഇൻറർ സെക്ടറൽ കോ ഓർഡിനേഷൻ മീറ്റിംഗ്.

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നിർദേശമനുസരിച്ച് കുട്ടികളിലും കൗമാരക്കാരിലും (1-19 വയസ്സ് വരെ) വിരബാധയെ ചെറുക്കാൻ ആറ് മാസത്തെ ഇടവേളയിൽ ആൽബെൻഡാസോൾ ഗുളികകൾ നൽകി ദേശീയ വിരവിമുക്ത ദിനം ദ്വൈവാർഷികമായി ആചരിച്ച് വരുന്നു .ആദ്യ ഘട്ടം 2024 ഫെബ്രുവരി 8-ന് നടത്തുകയും തുടർന്ന് രണ്ടാം ഘട്ടം 2024 ഒക്ടോബർ 8 നും മോപ്പ് അപ്പ് ദിനം 2024 ഒക്ടോബർ 15 നും ആചരിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.

അങ്കണവാടി ഏരിയയിലുള്ള 1-5 വയസ് പ്രായമുള്ള കുട്ടികൾക്കും സ്കൂളിൽ പോകാത്ത കുട്ടികൾക്കും 2024 ഒക്ടോബർ 8 ന് ആൽബെൻഡാസോൾ ഗുളികകൾ അങ്കണവാടി പ്രവർത്തകർ നൽകേണ്ടതാണ് . ടി ദിവസം ടാബ്‌ലെറ്റ് കഴിക്കാത്ത കുട്ടികൾക്കായി ഒരാഴ്ചയ്ക്ക് ശേഷം ഒക്ടോബർ 15 ന് മോപ്പ് അപ്പ് റൗണ്ട് നടത്തേണ്ടതുമാണ് .

- ദേശീയ വിര നിർമാർജന ദിനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ALMCമീറ്റിംഗ് കൂടി ഇത് ഒരു വിഷയമായി ചർച്ച ചെയ്യേണ്ടതും ടി പരിപാടിയുടെ പരിപൂർണ്ണ വിജയത്തിനായി ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നൽകേണ്ടതാണ്.
- അങ്കണവാടി വർക്കർമാർ മുഖേന ദേശീയ വിര നിർമാർജന ദിനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രചാരണവും commununity mobilization പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

- 1-5 വയസ്പ്രായത്തിലുള്ള രജിസ്റ്റർ ചെയ്തതും രജിസ്റ്റർ ചെയ്യാത്തതുമായ കുട്ടികളുടെയും എൻറോൾ ചെയ്യാത്ത സ്കൂൾ പ്രായത്തിലുള്ള കുട്ടികളുടെയും എണ്ണം അങ്കണവാടി സർവേ അടിസ്ഥാനമാക്കി കണക്കാക്കി ആൽബെൻഡാസോൾ ഗുളികയുടെ ആവശ്യകത സി ഡി പി ഓ മാർ പ്രോഗ്രാം ഓഫിസർ മുഖേന ജില്ലാ

മെഡിക്കൽ ഓഫീസർക്ക് നൽകേണ്ടതാണ് .

- ദേശീയ വിര വിമുക്ത ദിനവുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ ആൽബെൻഡാസോൾ ഗുളിക നൽകുന്നതിന്റെ അറിയിപ്പ് നൽകുകയും അതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമായി സഹകരിക്കാനും അങ്കണവാടി വർക്കർമാർക്ക് നിർദേശങ്ങൾ നൽകേണ്ടതാണ് .
- ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന ലഭ്യമാകുന്ന IEC മെറ്റീരിയലുകൾ എല്ലാ അങ്കണവാടികളിലേയ്ക്കും വിതരണം ചെയ്യേ ണ്ടതാണ് .
- ടി പരിപാടിയുടെ പരിപൂർണ്ണ വിജയത്തിനായി ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ICDS ന്റെ ഭാഗത്ത് നിന്നും നൽകുന്നതിനും അവർ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനും ശിശു വികസന പദ്ധതി ഓഫീസർമാരും സൂപ്പർവൈസർമാരും ശ്രദ്ധിക്കേണ്ടതും അങ്കണവാടി പ്രവർത്തകർക്ക് നിർദേശം നൽകേണ്ടതുമാണ് .കൂടാതെ വിരബാധ തടയുന്നതിന് ആവശ്യമായ എല്ലാ തുടർ പ്രവർത്തനങ്ങൾക്കും സഹായ സഹകരണങ്ങൾ നൽകേണ്ടതാണേന്നും നിർദേശിക്കുന്നു .

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ സൂപ്പർ വൈസർമാർക്കും